LIBRARY ARCHIVES Kerala Legislative Assembly

സെസ്സ് ഇനത്തിൽ സമാഹരിച്ച തുക

106 (1846) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ സെസ്സ് ഇനത്തിൽ വിദേശമദ്യ വില്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക എത്രയാണ്;

(ബി) ഇതിൽ എത്ര തുക പുനരധിവാസത്തിനായി ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 11-10-2014 മുതൽ മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ സർക്കാർ 5% പുനരധിവാസ സെസ്സ് ഏർപ്പെടുത്തി. "പുനർജനി 2030" എന്ന പേരിൽ രൂപം കൊടുത്ത പദ്ധതിക്കായാണ് മേൽ സെസ്സ് ഏർപ്പെടുത്തിയത്. ഈ ഇനത്തിൽ 2015 ഡിസംബർ വരെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ സമാഹരിച്ച തുക 342.58 കോടി രൂപയാണ്. പുനർജനി എന്ന പദ്ധതിയിൽ ജോലി നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസവും ഉൾപ്പെടും.

(ബി) 4-9-2014 തീയതിയിലെ ജി.ഒ.(ആർ.റ്റി)723/14/നി.വ. നമ്പർ ഉത്തരവ് പ്രകാരം അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 287 തൊഴിലാളികൾക്കും എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5564 തൊഴിലാളികൾക്കും 5000 രൂപ വീതം ഇടക്കാലാശ്വാസമായി മൊത്തം 2,92,55,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. 20-12-2014 തീയതിയിലെ ജി.ഒ.(എം.എസ്.)206/2014/നി.വ. നമ്പർ ഉത്തരവ് പ്രകാരം അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 289 തൊഴിലാളികൾക്കും എംപ്ലോയ്മെന്റ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 5520 തൊഴിലാളികൾക്കും 10,000 രൂപ വീതം രണ്ടാം ഘട്ടം ഇടക്കാലാശ്വാസമായി മൊത്തം 5,80,90,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത മൂന്ന് തൊഴിലാളികളുടെ ആശ്രിതർക്ക് രണ്ടുലക്ഷം രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്.

ടാക്സ് എക്സംപ്ഷൻ

107 (T+ 1847) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് കഴിഞ്ഞ കാലങ്ങളിൽ ടാക്സ് എക്സംപ്ഷൻ നൽകിയിരുന്നോ ;